പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 922 30/11/2018 ൽ മറുപടിക്ക്

# കരുനാഗപ്പള്ളിയിലെ മൃഗാശുപത്രികളിൽ തെരുവുനായ്ക്കളുടെ വന്ധ്യംകരണം

ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ:

മറുപടി

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് നിയന്ത്രിക്കുന്നതിന് വേണ്ടി നടപ്പിലാക്കിവരുന്ന എ.ബി.സി. പദ്ധതി പ്രകാരം നായ്ക്കളുടെ വന്ധ്യംകരണം നടത്തുന്നതിന് കരുനാഗപ്പള്ളി താലൂക്കിലെ ഏതെല്ലാം മൃഗാശുപത്രികളിൽ സൗകര്യമുണ്ടെന്ന് വിശദീകരിക്കുമോ; | എ) | വെറ്ററിനറി പോളിക്ലിനിക്, കരുനാഗപ്പള്ളി,വെറ്ററിനറി ഹോസ്പിറ്റൽ, ഓച്ചിറ, വെറ്ററിനറി ഡിസ്പെൻസറി, പന്മന എന്നീ മൂന്ന് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) കേന്ദ്രങ്ങളിൽ വച്ചാണ് എ.ബി.സി. പദ്ധതി പ്രകാരം കരുനാഗപ്പള്ളി താലൂക്കിലെ 11 പഞ്ചായത്തുകളിലെയും നായ്ക്കളുടെ വന്ധ്യംകരണം നടത്തുന്നത്. |
| ബി) | പ്രസ്തുത ആശുപത്രികളിൽ 2018 ജനുവരി 1 മുതൽ ഒക്ടോബർ 31 വരെയുള്ള കാലയളവിൽ എത്ര നായ്ക്കളുടെ വന്ധ്യംകരണം നടത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ ; | ബി) | കരുനാഗപ്പള്ളി താലൂക്കിൽ വരുന്ന 11 പഞ്ചായത്തുകളിലായി ആകെ 2251 നായ്ക്കളുടെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത ആശുപത്രികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര രൂപ അനുവദിച്ചുവെന്നും എന്ത് തുക വിനിയോഗിച്ചുവെന്നും വിശദീകരിക്കുമോ? | സി) | ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് തെരുവുനായ്ക്കളിൽ വന്ധ്യംകരണം നടത്തിയിട്ടുള്ളത്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| മൃഗാശുപത്രിയുടെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 1.വെറ്ററിനറി പോളിക്ലിനിക്, അരിനെല്ലൂർ | 2 ലക്ഷം | 95,651/- |
| 2.വെറ്ററിനറി പോളിക്ലിനിക്, കരുനാഗപ്പള്ളി | 1.2 ലക്ഷം | 1.2 ലക്ഷം |
| 3.വെറ്ററിനറി ഹോസ്പിറ്റൽ, ചവറ | 3 ലക്ഷം | പദ്ധതി നടപ്പിലാക്കി വരുന്നു. |
| 4.വെറ്ററിനറി ഹോസ്പിറ്റൽ, ഓച്ചിറ | 2 ലക്ഷം | 1,43,390/- |
| 5.വെറ്ററിനറി ഹോസ്പിറ്റൽ, മണപ്പള്ളി | 2 ലക്ഷം | 1,31,000/- |
| 6.വെറ്ററിനറി ഡിസ്പെൻസറി,, തെക്കുംഭാഗം | 1.5 ലക്ഷം | 1,49,260/- |
| 7.വെറ്ററിനറി ഡിസ്പെൻസറി, നീണ്ടകര | 2 ലക്ഷം | 1,19,936/- |
| 8.വെറ്ററിനറി ഡിസ്പെൻസറി, പന്മന | 2 ലക്ഷം | 1,47,000/- |
| 9.വെറ്ററിനറി ഡിസ്പെൻസറി, കുലശേഖരപുരം | 2.5 ലക്ഷം | 1,80,066/- |
| 10.വെറ്ററിനറി ഡിസ്പെൻസറി, ആലപ്പാട് | 2.4 ലക്ഷം | 2,34,210/- |
| 11.വെറ്ററിനറി ഡിസ്പെൻസറി, കന്നേറ്റിൽ | 2 ലക്ഷം | പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ